"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- കോട്ടയം ജില്ലയിൽ LID&EW സബ് ഡിവിഷൻ പള്ളം ബ്ലോക്ക് പഞ്ചായത്തിലെ രണ്ടാംതരം ഓവർസിയർ ശ്രീമതി. ശ്രീലത കെ-യുടെ മകളുടെ ചികിത്സയ്ക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂബി) വകുപ്പ്**

സ.ഉ.(സാധാ) നം.1112/2026/LSGD തീയതി,തിരുവനന്തപുരം, 09-06-2026

---

പരാമർശം:-
1. കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസറുടെ(ആരോഗ്യം) 04.08.2025-ലെ C4/4019/2025 നമ്പർ കത്ത്.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ, 09.10.2025 തീയതിയിലെ LSGD/PD/29653/2025-DEG1 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിൽ LID&EW സബ് ഡിവിഷൻ പള്ളം ബ്ലോക്ക് പഞ്ചായത്തിലെ രണ്ടാംതരം ഓവർസിയർ ശ്രീമതി. ശ്രീലത കെ-യുടെ മകളുടെ Cervical Lymphadenopathy എന്ന അസുഖവുമായി ബന്ധപ്പെട്ട ചികിത്സയ്ക്കായി കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & റിസർച്ച് സെന്റർ ഹോസ്പിറ്റലിൽ 11/10/2024 മുതൽ 11/11/2024 വരെ ചെലവായ 46,966/-രൂപ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ അനുവദിക്കണമെന്നാവശ്യപ്പെട്ട്, പ്രിൻസിപ്പൽ ഡയറക്ടർ മുഖേന, പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ചികിത്സയ്ക്കായി ചെലവായതിൽ അനുവദനീയമായ തുക എന്നത് 23,904/- രൂപയാണെന്ന് പരാമർശം (1) പ്രകാരം കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) അറിയിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1, 2 ശിപാർശകളുടെ അടിസ്ഥാനത്തിൽ, കോട്ടയം ജില്ലയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് LID&EW ഡിവിഷൻ പള്ളം ബ്ലോക്ക് പഞ്ചായത്തിലെ രണ്ടാംതരം ഓവർസിയർ ശ്രീമതി. ശ്രീലത കെ-യുടെ മകളുടെ ചികിത്സയ്ക്ക്, കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & റിസർച്ച് സെന്റർ ഹോസ്പിറ്റലിൽ 11/10/2024 മുതൽ 11/11/2024 വരെ ചെലവായ 46,966/-രൂപയിൽ , കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം) അനുവദനീയത അറിയിച്ച ₹23,904/-രൂപയുടെ 80% തുകയായ ₹19,123/- രൂപ (പത്തൊൻപതിനായിരത്തി ഒരുന്നൂറ്റി ഇരുപത്തിമൂന്ന് രൂപ മാത്രം) പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DIPUKUMAR S L

അണ്ടർ സെക്രട്ടറി

ശ്രീമതി. ശ്രീലത കെ, ഗ്രേഡ് II ഓവർസിയർ (ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളുടെയും അനുബന്ധ രേഖകളുടെയും അസ്സൽ സഹിതം)
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (LNS-L8/62/2026-FIN തീയതി 20.05.2026 പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ് (EWB2/104/2026-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Keerthi L P
സെക്ഷൻ ഓഫീസർ
Date: 10-06-2026 08:42:19